പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 763 — 24/01/20108 ൽ മറുപടിക്ക്

## ശബരിമലയിലെ സൗകര്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ശബരിമല അയ്യപ്പ ക്ഷേത്രത്തിൽ ദർശനത്തിന് എത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ദേവസ്വം ബോർഡും സർക്കാരും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | ശബരിമലയിൽ ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് കുടിവെള്ളം, ആഹാരം എന്നിവ ലഭ്യമാക്കുന്നതിനും, ആവശ്യാനുസരണം ശുചിമുറി സൗകര്യങ്ങൾക്കും മറ്റെല്ലാ അടിസ്ഥാന സൗകര്യങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും മതിയായ സുരക്ഷ ഒരുക്കുന്നതിനും സർക്കാറും ദേവസ്വം ബോർഡും ചേർന്ന് വിവിധ വകുപ്പുകളേയും പൊതുമേഖല സ്ഥാപനങ്ങളേയും ഏകോപിപ്പിച്ച് ആവശ്യമായ എല്ലാ സേവനങ്ങളും ഇടതടവില്ലാതെ ലഭ്യമാക്കുന്നതിന് എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിജയകരമായിരുന്നോ; | (ബി) | വിജയകരമായിരുന്നു. |
| (സി) | പതിമൂന്നാം കേരള നിയമസഭയിലെ നിയമസഭാ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ച ആറാമത് റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ഡി) | ശബരിമലയിൽ സ്ത്രീ പ്രവേശനം സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ഡി) | 2008 ൽ അന്നത്തെ സർക്കാർ നൽകിയ സത്യവാങ്മൂലം പരിഗണിക്കണമെന്ന് ബഹു.സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. |
| (ഇ) | ശബരിമല ക്ഷേത്രത്തിന്റെ പേര് മാറ്റുന്നതിന് ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന് ഉണ്ടായ സാഹചര്യം വിശദമാക്കുമോ? | (ഇ) | ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ പേരുമാറ്റി ശബരിമല ശ്രീ. അയ്യപ്പസ്വാമി ക്ഷേത്രം എന്ന് നാമകരണം ചെയ്ത് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ ദേവസ്വം കമ്മീഷണർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഉത്തരവ് റദ്ദ് ചെയ്ത് ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം എന്ന നാമധേയം തന്നെ നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ